പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2949 13-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ഡോ. കെ.ടി. ജലീൽ** (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ നടപ്പാക്കിവരുന്ന സാധാരണ പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായി ഗുണപരമായി മെച്ചപ്പെട്ട തലത്തിലുള്ളതും സംയോജിത പ്രകൃതി വിഭവ പരിപാലനത്തിൽ അധിഷ്ഠിതവുമായ പ്രവൃത്തികളിലേക്ക് മാറുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ 2018-19-ൽ ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ലക്ഷ്യമിടുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കാർഷിക ഉല്പാദനത്തിലും ജനങ്ങളുടെ വരുമാനത്തിലും സുസ്ഥിര വർദ്ധനവ് ലക്ഷ്യമാക്കിയുള്ള നീർത്തടാധിഷ്ഠിത തത്വത്തിൽ ഊന്നിയുള്ള ഭൂവികസന ജലസംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി കിണർ റീചാർജ്ജിംഗ്, കുളങ്ങളുടെയും മറ്റ് ജല സംഭരണികളുടെയും നവീകരണം, നഴ്സറി സ്ഥാപനവും വൃക്ഷവല്കരണ പ്രവർത്തനങ്ങളും, കമ്പോസ്റ്റ് നിർമ്മാണം എന്നിവയ്ക്കും 2018-19 സാമ്പത്തിക വർഷത്തെ കർമ്മപദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോക്കൽ ഏര്യാ പ്രവർത്തനങ്ങളായ അങ്കണവാടി, കുളം, വ്യക്തിഗത ശുചിമുറികൾ എന്നിവയുടെ നിർമ്മാണത്തിനും ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ മറ്റ് ഭവനനിർമ്മാണ പദ്ധതികൾക്കും ആവശ്യമായ നിർമ്മാണസാമഗ്രികളായ കട്ട, കട്ടിള എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യമിടുന്നു. |
| (ബി) | നീർത്തട മാസ്റ്റർ പ്ലാനുകൾ പുതുക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഇത്തരം പദ്ധതിക്ക് യോജിച്ച ഗ്രാമ പഞ്ചായത്തുകളെ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവിലുള്ള നീർത്തട മാസ്റ്റർപ്ലാനുകൾ മൂന്നുഘട്ടങ്ങളിലായി പുതുക്കുന്നതിന് ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ മലയോര മേഖലയിലെ ഗ്രാമപഞ്ചായത്തുകളും തുടർന്ന് ഇടനാട് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിലും അവസാനം തീരദേശ ഗ്രാമപഞ്ചായത്തുകളിലും നീർത്തട മാസ്റ്റർപ്ലാനുകൾ പുതുക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ പുതുക്കേണ്ടുന്ന മലയോരമേഖലയിൽപ്പെട്ട |

| | | | |
|---|---|---|---|
| | | | 245 ഗ്രാമപഞ്ചായത്തുകളെ സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സാങ്കേതിക സഹായത്തോടെ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് നീർത്തട മാസ്റ്റർ പ്ലാൻ പരിഷ്കരിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്; ഈ പഞ്ചായത്തുകളിൽ പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 245 ഗ്രാമപഞ്ചായത്തുകളിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**